# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2990** — **21.08.2017 ൽ മറുപടിയ്ക്ക്**

## ഓണത്തിന് ഒരു മുറം പച്ചക്കറി

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി പ്രകാരം കൃഷി വകുപ്പ് നടപ്പാക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ; | എ) ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചുള്ള 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതിയിലൂടെ കൃഷിയ്ക്കാവശ്യമായ വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകുന്നു. സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വില വരുന്ന അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം വിത്തു പായ്ക്കറ്റുകളുടെ വിതരണം പൂർത്തീകരിച്ചു. വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ വിതരണം ചെയ്തു. 45.45 ലക്ഷം പച്ചക്കറി തൈകളുടെ വിതരണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകളുടെ വിതരണം പുരോഗമിച്ചു വരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉല്പാദനോപാധികൾ എന്നിവയും നൽകുന്നു. |
| ബി) ഈ പദ്ധതി പ്രകാരം വിതരണം ചെയ്ത വിത്തുകളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | ബി) അത്യുല്പാദന ശേഷിയുള്ള വിത്തുകളാണ് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ വഴി കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ളത്. പച്ചക്കറി ഒന്നാം വിളയ്ക്ക് അനുയോജ്യമായ വിത്തിനങ്ങളാണ് വിതരണം നടത്തിയിട്ടുള്ളത്. വിത്തിനങ്ങൾ താഴെ പറയുന്നു. |

1. ചീര- അരുൺ (ചുവന്ന ഇനം)
2. പയർ- അനശ്വര, കാശികാഞ്ചൻ (കുറ്റിപയർ ഇനങ്ങൾ)
3. വഴുതന- പൂസക്രാന്തി, Co2 (വെള്ളയും വയലറ്റും വരകളോട് കൂടിയ ഉരുണ്ട കായ്കൾ)
4. വെണ്ട- അർക്ക അനാമിക (മൊസൈക്ക് രോഗത്തിന് പ്രതിരോധ ശേഷിയുള്ള ഇനം)
5. മുളക്- പൂസ ജ്വാല, അനുഗ്രഹ (ബാക്ടീരിയൽ വാട്ടത്തിന് പ്രതിരോധശേഷിയുള്ള ഇനം)

സി) ഈ പദ്ധതി പ്രകാരമുള്ള പച്ചക്കറി കൃഷി ഓണത്തിന് മുമ്പായി വിളവെടുക്കാൻ സാധിക്കുമോ; വിശദമാക്കാമോ;

സി) സാധിക്കും. ജൂൺആദ്യവാരം മുതൽ പദ്ധതി പ്രകാരം വിത്തും, വിത്ത് മുളപ്പിച്ച തൈകളും കർഷകർക്ക് വിതരണം ആരംഭിച്ചതിനാൽ ഓണം മുതൽ വിളവെടുക്കാൻ സാധിക്കുന്നതാണ്. ഓണത്തിന് ശേഷവും വീടുകളിൽ അവർക്കാവശ്യമായ പച്ചക്കറി സ്വയം ഉല്പാദിപ്പിക്കുക എന്നതും കൂടി ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

ഡി) ഈ പദ്ധതിക്ക് വേണ്ടിയുള്ള ആകെ ചെലവ് ജില്ല തിരിച്ച് അറിയിക്കാമോ?

ഡി)

| ക്രമ നമ്പർ | ജില്ല | തുക (ലക്ഷം) |
|---|---|---|
| 1 | തിരുവനന്തപുരം | 102.85 |
| 2 | കൊല്ലം | 98.1 |
| 3 | പത്തനംതിട്ട | 85.9 |
| 4 | ആലപ്പുഴ | 97.14 |
| 5 | കോട്ടയം | 96.6 |
| 6 | ഇടുക്കി | 81.6 |
| 7 | എറണാകുളം | 108.6 |
| 8 | തൃശ്ശൂർ | 107.285 |
| 9 | പാലക്കാട് | 96.8 |
| 10 | മലപ്പുറം | 97 |
| 11 | കോഴിക്കോട് | 100.465 |
| 12 | വയനാട് | 44.8 |
| 13 | കണ്ണൂർ | 102.65 |

| | | |
|---|---|---|
| 14 | കാസർഗോഡ് | 35.2 |
| 15 | ഡയറക്ടറേറ്റ് | 120.01 |
| | **ആകെ** | **1375** |

Mayal

**സെക്ഷൻ ഓഫീസർ**